# മഗധ മുതൽ താനേശ്വരം വരെ

---

**Que.1.** **[Marks :(2)]**

പദസൂര്യൻ പൂർത്തിയാക്കുക.




**Ans.**

- പഞ്ചസിദ്ധാന്തിക
- ബൃഹജ്ജാതകം

**Que.2. ഗുപ്തരാജാക്കന്മാരെ സംബന്ധിച്ച ചില വിവരണങ്ങളാണ്[Marks :(3)] താഴെത്തന്നിരിക്കുന്നത്. ഓരോന്നും ഏത് രാജാവുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി എഴുതുക.**

**ശക്തനായ ആദ്യ ഗുപ്ത ഭരണാധികാരി**

**b. നവരത്നങ്ങൾ ഉൾപ്പെട്ട രാജസദസ്**

**c. 'അലഹബാദ് പ്രശസ്തി'യിൽ വിവരിക്കുന്ന ഭരണാധികാരി.**

**Ans**. a. ചന്ദ്രഗുപ്തൻ ഒന്നാമൻ

b ചന്ദ്രഗുപ്തൻ രണ്ടാമൻ

c. സമുദ്രഗുപ്തൻ

**Que.3. ചന്ദ്രഗുപ്തൻ രണ്ടാമന്റെ കൊട്ടാരത്തിൽ ജീവിച്ചിരുന്ന വിവിധ മേഖലകളിൽ പ്രശസ്തരായിരുന്നവർ എന്തു പേരിൽ അറിയപ്പെട്ടിരുന്നു?**

**[Marks :(1)]**

**Ans.** നവരത്നങ്ങൾ

**Que.4. ഹരിസേനൻ തയാറാക്കിയ പ്രശസ്തി എവിടെയാണ് കൊത്തിവച്ചിട്ടുള്ളത്?**

**[Marks :(1)]**

**Ans.** അലഹബാദിലെ സ്തംഭത്തിൽ

**Que.5. അലഹബാദ് സ്തംഭത്തിൽ നിന്നും സമുദ്രഗുപ്തനെക്കുറിച്ച് ലഭിക്കുന്ന വിവരങ്ങൾ എന്തെല്ലാം?**

**[Marks :(2)]**

**Ans.**

- ഉത്തരേന്ത്യൻ രാജ്യങ്ങളെ കീഴടക്കി
- ദക്ഷിണേന്ത്യൻ പ്രദേശങ്ങളെ തന്റെ നിയന്ത്രണത്തിലാക്കി.

**Que.6. അമരാവതി, നാഗാർജുനകൊണ്ട എന്നീ നഗരങ്ങൾ ആവിർഭവിച്ചത് ഏത് ഭരണകാലത്താണ്?**

**[Marks :(1)]**

**Ans.** ശതവാഹന കാലഘട്ടം

**Que.7. ശതവാഹന രാജ്യത്തിന്റെ ശക്തിയും വ്യാപ്തിയും വർദ്ധിപ്പിച്ച രാജാക്കന്മാർ ആരെല്ലാം?**

**[Marks :(2)]**

**Ans.**

- ഗൗതമീപുത്ര ശതകർണി
- വസിഷ്ഠിപുത്രൻ

**Que.8. മഹായാന ബുദ്ധമതം ഗാന്ധാര ശില്പകലയുടെ വളർച്ചയ്ക്ക് സഹായകമായി. പ്രസ്താവന സമർത്ഥിക്കുക.**

**[Marks :(4)]**

**Ans.**

- ബുദ്ധന്റെ പ്രതിമകളെ ആരാധിച്ച വിഭാഗമാണ് മഹായാന വിഭാഗം
- കനിഷ്കൻ മഹായാന ബുദ്ധമതത്തെ രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു.
- ഗ്രീക്ക്, റോമാ ശില്പവിദ്യയും ഇന്ത്യയിലെ ശില്പവിദ്യയും ചേർന്ന് രൂപപ്പെട്ടതാണ് ഗാന്ധാരശില്പകല.
- കുഷാന ഭരണ കാലത്ത് ഗാന്ധാരശില്പകലയിൽ ധാരാളം പ്രതിമകൾ നിർമ്മിക്കപ്പെട്ടു.

**Que.9. ഇന്ത്യയിലെ ആദ്യത്തെ സ്വർണ നാണയങ്ങൾ പുറത്തിറക്കിയ രാജവംശം ഏത്**

**[Marks :(2)]**

**Ans.**

- കുഷാനന്മാരുടെ
- വൈദ്യശാസ്ത്രം

**Que.10. ഇന്ത്യയിലെ ആദ്യത്തെ സ്വർണ നാണയങ്ങൾ പുറത്തിറക്കിയ രാജവംശം ഏത്?**

**[Marks :(1)]**

**Ans.** കുഷാനൻമാർ

**Que.11. ശകവർഷം ആരംഭിച്ച വർഷം?**

**[Marks :(1)]**

**Ans.** CE 78 ൽ

**Que.12. മൗര്യഭരണ കാലത്ത് കൃഷിയുടെ വ്യാപനം സാമൂഹിക അസമത്വങ്ങൾക്ക് കാരണമായതെങ്ങനെ?**

**[Marks :(5)]**

**Ans.**

- കൃഷി കൂടുതൽ വ്യാപകമായി
- കൃഷിയെ അടിസ്ഥാനമാക്കി കൈത്തൊഴിൽ രൂപം കൊണ്ടു
- ഇത് തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള വർണ സമ്പ്രദായം കൂടുതൽ ശക്തമാക്കി.
- സമൂഹത്തിൽ 7 വിഭാഗങ്ങൾ
- ദാസന്മാർ എന്നു വിളിച്ചിരുന്ന അടിമകളും ഉണ്ടായിരുന്നു.

**Que.13. ബുദ്ധമത പ്രചരണത്തിനായി അശോകൻ ശ്രീലങ്കയിലേക്ക് അയച്ചത് ആരെയെല്ലാം?**

**[Marks :(2)]**

**Ans.** മഹേന്ദ്രനേയും സംഘമിത്രയേയും

**Que.14. തൊപാര സ്തംഭശാസനം എവിടെ സ്ഥിതി ചെയ്യുന്നു?**

**[Marks :(1)]**

**Ans**. ഡൽഹി

**Que.15. ചന്ദ്രഗുപ്ത മൗര്യന്റെ കൊട്ടാരത്തിലേക്ക് സെലൂക്കസ് നിക്കറ്റർ അയച്ച പ്രതിനിധി ആരായിരുന്നു?**

**[Marks :(1)]**

**Ans.** മെഗസ്തനീസ്

**Que.16. ഇൻഡിക എന്ന ഗ്രന്ഥം രചിച്ചതാര്?**

**[Marks :(1)]**

**Ans.** മെഗസ്തനീസ്

**Que.17. ഗാന്ധാരശില്പകലയുടെ സവിശേഷതകൾ എന്തെല്ലാം?**

**[Marks :(3)]**

**Ans.**

- ഗ്രീക്ക്, റോമാശില്പവിദ്യയും ഇന്ത്യൻ ശില്പവിദ്യയും ചേർന്നുള്ള പുതിയ ശൈലി
- അഫ്ഗാനിസ്ഥാനിലെ കാണ്ടഹാർ എന്ന പ്രദേശത്താണ് ഇത്തരം ധാരാളമായി ശില്പങ്ങൾ നിർമിച്ചിരുന്നത്.
- ബുദ്ധന്റെ പ്രതിമകൾ ധാരാളമായി നിർമ്മിച്ചു.

**Que.18. രത്നാവലി, നാഗാനന്ദം എന്നീ നാടകങ്ങളുടെ രചയിതാവ് ആരായിരുന്നു?**

**[Marks :(1)]**

**Ans.** ഹർഷ വർധനൻ

**Que.19. ഗുപ്തന്മാർക്ക് ശേഷം പ്രാചീന ഇന്ത്യയിൽ നിലനിന്ന ശക്തമായ ഭരണം ആരുടേതാണ്?**

**[Marks :(1)]**

**Ans.** വർധന രാജാക്കന്മാരുടെ ഭരണം

**Que.20.**

**പട്ടിക പൂർത്തിയാക്കുക**

| കൃതികൾ | രചയിതാക്കൾ |
|---|---|
| കുമാരസംഭവം | A |
| B | ശൂദ്രകൻ |
| അമരകോശം | C |
| D | ആര്യഭടൻ |

**[Marks :(4)]**

**Ans.** A - കാളിദാസൻ

B - മൃച്ഛകടികം

C - അമരസിംഹൻ

D – ആര്യഭടീയം

**Que.21. ഗുപ്തകാലഘട്ടത്തിലെ ഭൂദാനം ശതവാഹന കാലഘട്ടത്തിലെ ഭൂദാനത്തിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യക്തമാക്കുക.**

**[Marks :(6)]**

**Ans.** ഗുപ്തകാലഘട്ടം

- ജൈനസന്യാസിമാർ, ബുദ്ധസന്യാസിമാർ, ബ്രാഹ്മണർ, കൊട്ടാരത്തിലെ ഉദ്യോഗസ്ഥർ എന്നിവർക്കും ക്ഷേത്രത്തിലെ ഉദ്യോഗസ്ഥർ എന്നിവർക്കും ക്ഷേത്രങ്ങൾക്കും വ്യാപകമായി ഭൂമിദാനം നൽകി.
- ഭൂമി കൈമാറാനുള്ള അധികാരം ഉണ്ടായിരുന്നു.
- കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.
- കർഷകന്റെ അവസ്ഥ പരിതാപകരമായിരുന്നു.

ശതവാഹന കാലഘട്ടം

- ബുദ്ധസന്യാസിമാർ, ബ്രാഹ്മണർ എന്നിവർക്ക് ഭൂമി നൽകി
- കൃഷി ഭൂമിയുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കൽ
- ഭൂമിയുടെ ഭരണാധികാരം നൽകി.

**Que.22. ഗുപ്ത സാമ്രാജ്യത്തിന്റെ തലസ്ഥാനം പാടലീപുത്രത്തിൽ നിന്നും ഉജ്ജയിനിയിലേക്ക് മാറ്റിയത് ആരുടെ കാലഘട്ടത്തിലാണ്?**

**[Marks :(1)]**

**Ans.** ചന്ദ്രഗുപ്തൻ രണ്ടാമൻ

**Que.23. വ്യാപാരത്തിന്റെ വളർച്ച ഗിൽഡുകളുടെ രൂപീകരണത്തിന് വഴിതെളിച്ചതെങ്ങനെയെന്ന് വിശദമാക്കുക?**

**[Marks :(4)]**

**Ans.**

- വ്യാപാരത്തിന്റെ വളർച്ച
- നാണയങ്ങളുടെ വിനിമയം

- നഗരങ്ങളുടെ ആവിർഭാവം
- നഗരങ്ങൾ കേന്ദ്രീകരിച്ച് വിവിധതരം കലകളുടേയും തൊഴിലുകളുടേയും ആവിർഭാവം
- ഉത്പാദനത്തെയും വിതരണത്തെയും നിയന്ത്രിച്ചിരുന്ന ഗിൽഡുകൾ എന്ന കച്ചവട സംഘങ്ങളുടെ രൂപപ്പെടൽ.

**Que.24. കനിഷ്കന്റെ കാലത്ത് രൂപപ്പെട്ട ശില്പകലയുടെ പേരെന്ത്? അത് രൂപപ്പെട്ടതെങ്ങനെ?**

**[Marks :(2)]**

**Ans.** ഗാന്ധാര ശില്പകല

ഗ്രീക്കുകാരുടേയും റോമാക്കാരുടേയും ശില്പവിദ്യയും ഇന്ത്യയിൽ നിലനിന്നിരുന്ന ശില്പവിദ്യയും ചേർന്ന് രൂപപ്പെട്ടു.

**Que.25. കനിഷ്കന്റെ കൊട്ടാരത്തിൽ ജീവിച്ചിരുന്ന ബുദ്ധമത പണ്ഡിതന്മാർ ആരെല്ലാമായിരുന്നു?**

**[Marks :(2)]**

**Ans**. അശ്വഘോഷൻ, വസുമിത്രൻ

**Que.26. മൗര്യസാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു ശേഷം ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലൂടെ ഇന്ത്യയിൽ എത്തിയ പ്രധാനപ്പെട്ട ജനവിഭാഗം ഏതായിരുന്നു?**

**[Marks :(1)]**

**Ans.** കുഷാനന്മാർ

**Que.27.**

**പട്ടിക പൂർത്തിയാക്കുക.**

| നികുതി | നികുതി ചുമത്തിയ മേഖല |
|---|---|
| ഭാഗ | A |
| B | ജലനികുതി |
| ബലി | C |
| D | കയറ്റുമതിയുടേയും ഇറക്കുമതിയുടേയും മേലുള്ള നികുതി |

**[Marks :(4)]**

**Ans.**

A - ഭൂനികുതി

B - ഉദകഭാഗ

C - പഴങ്ങൾക്കും പൂന്തോട്ടങ്ങൾക്കും മേലുള്ള നികുതി

D - ശുൽക

**Que.28. മൗര്യകാലത്തെ സാമ്പത്തിക പ്രവർത്തനങ്ങളുടെ നിയന്ത്രണം ഭരണകൂടത്തിനായിരുന്നു. വിശദമാക്കുക?**

**[Marks :(4)]**

**Ans.**

ചക്രവർത്തിയുടെ നിയന്ത്രണത്തിൽ കൃഷി

കാർഷിക പുരോഗതിയ്ക്കായി ജലസേചന സൗകര്യങ്ങൾ ഒരുക്കി

കൃഷിയുടെയും ഗ്രാമങ്ങളുടെയും വളർച്ച കച്ചവട പുരോഗതിയ്ക്ക് കാരണമായി.

കച്ചവട പുരോഗതിയ്ക്കായി പാതകൾ നിർമ്മിച്ചു.

നഗരങ്ങളെ ബന്ധിപ്പിച്ചുള്ള പാതകൾ

**Que.29. അശോകൻ സ്ഥാപിച്ച സ്തൂപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏതായിരുന്നു?**

**[Marks :(1)]**

**Ans**. സാഞ്ചിസ്തൂപം

**Que.30. ധമ്മ എന്ന ആശയം ജനങ്ങളിലെത്തിക്കാൻ അശോകൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം?**

**[Marks :(2)]**

**Ans.** രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാസനങ്ങൾ സ്ഥാപിച്ചു.

പാറകളിൽ കൊത്തിവച്ചു.

**Que.31. മൗര്യരാജ്യത്തിന് ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം എന്ന പദവി നേടിക്കൊടുത്ത ഘടകങ്ങൾ എന്തെല്ലാമാണ്?**

**[Marks :(3)]**

**Ans.**

- രാജ്യം വളരെ വിസ്തൃതമായിരുന്നു

- ഭരണം രാജാവിൽ കേന്ദ്രീകരിച്ചിരുന്നു
- ഏകീകൃതമായ ഭരണ സമ്പ്രദായം

**Que.32. മൗര്യഭരണത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.**

**[Marks :(5)]**

**Ans.**

- സപ്താംഗസിദ്ധാന്തം
- ശക്തനായ രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിക്കുന്ന മന്ത്രിമാർ.
- അതിവിസ്തൃതമായ ഭൂപ്രദേശം
- ശക്തമായ സൈന്യം
- നീതിന്യായ വ്യവസ്ഥ
- നികുതികൾ
- പല രാജ്യങ്ങളുമായി സഖ്യം

**Que.33. താഴെപ്പറയുന്ന സൂചനകളെ അടിസ്ഥാനമാക്കി മൗര്യഭരണം, ഗുപ്ത ഭരണം താരതമ്യം ചെയ്യുക.**

**സൂചനകൾ - സാമൂഹ്യജീവിതം, കൃഷി**

**[Marks :(6)]**

**Ans.** മൗര്യഭരണം

സാമൂഹ്യജീവിതം - വിശാലമായ രാജ്യത്ത് ജനങ്ങൾക്കിടയിൽ ഐക്യവും സമാധാനവും സൗഹൃദവും നിലനിന്നു. ഗ്രാമങ്ങളുടെ വളർച്ച, കച്ചവട പുരോഗതി. സമൂഹത്തിൽ 7 വിഭാഗങ്ങൾ നിലനിന്നിരുന്നു. കുടുംബസമ്പ്രദായം.

കൃഷി - ചക്രവർത്തിയുടെ നിയന്ത്രണത്തിൽ ജലസേചന സൗകര്യം. കൃഷിയുടെ വളർച്ച കച്ചവട പുരോഗതിയ്ക്ക് വഴിതെളിച്ചു.

ഗുപ്തഭരണം

സാമൂഹ്യജീവിതം - ഭൂമിദാനം നൽകി. ഭൂമിലഭിച്ചവർക്ക് അവ കൈമാറാനുള്ള അവകാശം ഉണ്ടായിരുന്നു. സമൂഹത്തിൽ നിരവധി വിവേചനങ്ങൾ നിലനിന്നിരുന്നു. വർണസമ്പ്രദായം ശക്തമായി. നിരവധി ക്ഷേത്രങ്ങൾ നിർമ്മിച്ചു.

കൃഷി - കൃഷി വ്യാപകമായി. കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു. കർഷകന്റെ അവസ്ഥ പരിതാപകരമായിരുന്നു.

**Que.34. അശോകചക്രവർത്തി തന്റെ ആശയങ്ങളും കല്പനകളും രാജ്യത്തെ എല്ലാ ഭാഗത്തെ ജനങ്ങളിലും ഫലപ്രദമായി എത്തിച്ചു. പ്രസ്താവന സാധൂകരിക്കുക.**

**[Marks :(5)]**

**Ans.**

- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അശോകൻ ശാസനങ്ങൾ സ്ഥാപിക്കുകയും പാറകളിൽ കൊത്തിവയ്ക്കുകയും ചെയ്തു.
- ധമ്മ പ്രചരിപ്പിയ്ക്കുന്നതിനായി അശോകൻ ഉദ്യോഗസ്ഥരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും പുറത്തേക്കും അയച്ചു.
- ബുദ്ധന്റെ ശരീരഭാഗങ്ങളോ അദ്ദേഹം ഉപയോഗിച്ച വസ്തുക്കളോ അടക്കം ചെയ്ത സ്തൂപങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു.
- മൗര്യസാമ്രാജ്യത്തിലും ധമ്മ പ്രചരിച്ച പ്രദേശങ്ങളിലും സാമൂഹിക സംഘർഷങ്ങളും വിഭാഗീയ ചിന്തകളും ഇല്ലാതായി.

**Que.35. ശതവാഹന ഭരണാധികാരികൾ നടപ്പിലാക്കിയ ഭൂദാന സമ്പ്രദായത്തിന്റെ പ്രത്യേകതകൾ ഏവ?**

**[Marks :(3)]**

**Ans.** ബുദ്ധസന്യാസിമാർ, ബ്രാഹ്മണർ എന്നിവയ്ക്ക് ഭൂമി നൽകി

ലക്ഷ്യം - കൃഷി ഭൂമിയുടെ വ്യാപ്തി വർദ്ധിപ്പിക്കൽ

ദാനം നൽകിയ ഭൂമിയുടെ ഭരണാധികാരം രാജാക്കന്മാർക്ക് നഷ്ടമായി.

**Que.36. താഴെത്തന്നിരിയ്ക്കുന്ന ശാസനങ്ങളെ വലിയ ശിലാശാസനങ്ങൾ, ചെറിയ ശിലാശാസനങ്ങൾ, സ്തംഭശാസനങ്ങൾ എന്നിങ്ങനെ തരംതിരിയ്ക്കുക.**

**കൽസി, അമരാവതി, രൂപ് നാഥ്, ബഹപൂർ, മീററ്റ്, ധൗളി**

| വലിയശിലാശാസനങ്ങൾ | ചെറിയ ശിലാശാസനങ്ങൾ | സ്തംഭശാസനങ്ങൾ |
|---|---|---|
| • <br> • | • <br> • | • <br> • |

**[Marks :(3)]**

**Ans.**


| വലിയശിലാശാസനങ്ങൾ | ചെറിയ ശിലാശാസനങ്ങൾ | സ്തംഭശാസനങ്ങൾ |
|---|---|---|
| • കൽസി<br>• ധൗളി | • രൂപ് നാഥ്<br>• ബഹപൂർ | • അരാവതി<br>• മീററ്റ് |

**Que.37. അശോകൻ ധമ്മ എന്ന ആശയം നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യം എന്തായിരുന്നു?**

**[Marks :(2)]**

**Ans.** ബ്രാഹ്മണരും ബ്രാഹ്മണരല്ലാത്ത ശ്രമണരും താമസിക്കുന്ന വിശാലമായ രാജ്യത്ത് ജനങ്ങൾക്കിടയിൽ ഐക്യവും സമാധാനവും സൗഹാർദവും നിലനിർത്താൻ.

**Que.38.**




**[Marks :(4)]**

**Ans.** കോസ, ദണ്ഡ, ദുർഗം, മിത്രം